# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

12/ 12/ 2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *315

## എച്ച്1 എൻ1 പനി മരണങ്ങൾ

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്
,, എൽദോസ് പി. കുന്നപ്പിള്ളിൽ
,, എം. വിൻസെന്റ്
,, അടൂർ പ്രകാശ്

എ) സംസ്ഥാനത്ത് എച്ച്1 എൻ1 പനി മരണങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) 2018 നവംബർ മാസത്തിൽ മാത്രം ഇരുന്നൂറോളം പേർക്ക് രോഗബാധ സ്ഥിരീകരിച്ചു എന്നത് അതീവ ഗൗരവമായി കാണുന്നുണ്ടോ; ഇതു തടയാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) 2018 നവംബർ മാസത്തിൽ 257 പേർക്ക് എച്ച്1 എൻ1 രോഗബാധ സ്ഥിരീകരിച്ചിരുന്നു. 27.11.2018 – ന് സംസ്ഥാനതലത്തിൽ ദ്രുതകർമ്മസേന യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും രോഗനിയന്ത്രണത്തിന് ആവശ്യമായ അടിയന്തര നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന പൊതുജനാരോഗ്യവിഭാഗവും ജില്ലാ പൊതുജനാരോഗ്യ ടീമുകളും ദിവസേനയും, പ്രതിവാരവും എച്ച്1 എൻ1 രോഗബാധിതർ, അതുമൂലമുള്ള മരണം, രോഗചികിത്സ, പ്രതിരോധം, നിയന്ത്രണം തുടങ്ങിയ കാര്യങ്ങളും അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. എച്ച്1 എൻ1 ന്റെ മരുന്നായ ഒസൽട്ടാമിവിർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ഫാർമസി, ചില അംഗീകൃത മെഡിക്കൽ ഷോപ്പുകൾ, ചില സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലും പ്രസ്തുത മരുന്ന് ലഭ്യമാണ്. അംഗീകൃത എ.ബി.സി ചികിത്സാ മാർഗ്ഗരേഖയനുസരിച്ച് രോഗചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്.
രോഗസ്ഥിരീകരണത്തിനായി തൊണ്ടയിലെ

സ്രവ പരിശോധന നടത്തുന്നതിനായി ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റിലും മണിപ്പാൽ എം.സി.വി.ആർ.ലും സൗകര്യം ലഭ്യമാണ്. രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം വരുത്തുന്നതിനുള്ള എഫ്.എം. റേഡിയോ സന്ദേശങ്ങൾ ഉൾപ്പെടെ ബോധവൽക്കരണം നടത്തിവരുന്നു. രോഗം ഗുരുതരമായാൽ ചികിത്സിക്കാൻ വേണ്ട സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മിക്ക സ്വകാര്യ ആശുപത്രികളിലും ഇതിനുള്ള സംവിധാനം ഉണ്ട്.

ആരോഗ്യവകുപ്പിലെയും സ്വകാര്യ-മേഖലയിലെയും ഡോക്ടർമാരടക്കം വിവിധ ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്. എച്ച്1 എൻ1 ന്റെ സംസ്ഥാന നോഡൽ ഓഫീസർ ഉൾപ്പെടെ സംസ്ഥാന പൊതുജനാരോഗ്യവിഭാഗം രോഗസ്ഥിതി ദിവസേന നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സി)** പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പനി പടരുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**സി)** പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകർ ദുരിതാശ്വാസ ക്യാമ്പുകളിലും വീടുകളിലും സന്ദർശിച്ച് പനി നിരീക്ഷണം കാര്യക്ഷമമാക്കിയിരുന്നു. പനി ബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ശരിയായ ചികിത്സ ലഭ്യമാക്കുന്നതിനും പനി പടരാതിരിക്കുവാനുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു.

പ്രളയബാധിത പ്രദേശങ്ങളിൽ ആവശ്യാനുസരണം താല്ക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും വിവിധ തരം പനികൾ ബാധിച്ചവർക്ക് ചികിത്സാ മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ ലഭ്യമാക്കുകയും ചെയ്തു.

ഇതിനായി ആവശ്യാനുസരണം ഡോക്ടർമാരെയും ഫീൽഡ് സ്റ്റാഫിനെയും നിയോഗിച്ചു.

പകർച്ചപ്പനി, ചിക്കൻപോക്സ്. എച്ച്1 എൻ1 ടൈഫോയ്ഡ്, എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ പനികൾ പ്രളയശേഷം

പടരുവാൻ കാരണമാകും എന്നത് മുൻകൂട്ടി കണ്ട് വായുജന്യ, ജലജന്യ, ജന്തുജന്യ, കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജനങ്ങളും ആരോഗ്യ പ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ആരോഗ്യവകുപ്പ് വെബ്-സൈറ്റിലൂടേയും മറ്റ് ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളിൽ കൂടിയും മാർഗ്ഗരേഖകൾ ലഭ്യമാക്കിയിരുന്നു. പരിസര ശുചീകരണത്തിനും, കുടിവെള്ളം ശുദ്ധീകരിക്കുന്നതിനും കൊതുകു-നിയന്ത്രണത്തിനും യുദ്ധ-കാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തി. എലിപ്പനിക്കെതിരെ ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് നൽകി. സംസ്ഥാന ആരോഗ്യവകുപ്പ് കൂടാതെ കേന്ദ്ര സർക്കാർ ആരോഗ്യ കാര്യാലയത്തിലെയും തമിഴ്നാട് പൊതുജനാരോഗ്യ കാര്യാലയത്തിലെയും മറ്റ് വിദഗ്ധ സ്ഥാപനങ്ങളിലെയും വിദഗ്ധ ടീമുകൾ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പനി നിയന്ത്രണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് എലിപ്പനി. എച്ച്1 എൻ1 · പനി, ചിക്കൻപോക്സ് ഒഴികെയുള്ള മറ്റ് പനികളെല്ലാം തന്നെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

ഡി) പ്രളയ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വ്യക്തികൾ പനി കാരണം മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡി) സർക്കാരിന് ലഭ്യമായ വിവരം അനുസരിച്ച് പ്രളയശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ട വ്യക്തികളാരും തന്നെ എച്ച്1 എൻ1 പനി മൂലം മരണപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ